**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5126** **14-03-2023 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കന്ററി വകുപ്പിലെ ലാബ് അസിസ്റ്റന്റ് ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഹയർ സെക്കന്ററി വകുപ്പിൽ സംസ്ഥാനത്ത് എത്ര ലാബ് അസിസ്റ്റന്റുമാരുടെ ഒഴിവുകളാണ് ഉള്ളതെന്ന് ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ; | (എ) | ലാബ് അസിസ്റ്റന്റുമാരുടെ ജില്ല തിരിച്ചുള്ള ഒഴിവുകൾ ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം 12<br>കൊല്ലം 7<br>പത്തനംതിട്ട 9<br>ആലപ്പുഴ 16<br>കോട്ടയം ഒഴിവില്ല<br>ഇടുക്കി 8<br>എറണാകുളം 19<br>തൃശ്ശൂർ 21<br>പാലക്കാട് 28<br>മലപ്പുറം 21<br>കോഴിക്കോട് 20<br>വയനാട് 4<br>കണ്ണൂർ 24<br>കാസർഗോഡ് 17 |
| (ബി) | പ്രസ്തുത വകുപ്പിൽ ക്ലാർക്കുമാരുടെ ഒഴിവുകൾ ജില്ല തിരിച്ചാണോ കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | അല്ല. പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കന്ററി വിഭാഗത്തിന് ഡയറക്ടറേറ്റും 7 മേഖല ഓഫീസുകളും മാത്രമാണുള്ളത്. മേഖലാ ഓഫീസുകളിൽ ഒന്നിലേറെ ജില്ലകളുടെ ഭരണം നിർവഹിക്കുന്നു. ഇക്കാരണത്താൽ ക്ലാർക്ക് തസ്തിക ഒഴിവുകൾ ഹെഡ്ക്വാർട്ടേസ് ഒഴിവുകൾ ആയാണ് പരിഗണിക്കുന്നത്. |
| (സി) | ലാബ് അസിസ്റ്റന്റ് തസ്തികകളിൽ നിലവിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് ഇല്ലെന്നിരിക്കെ സംസ്ഥാന തലത്തിൽ ഒഴിവുകൾ കണക്കാക്കി ആശ്രിത നിയമന അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | ചില ജില്ലകൾക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് ഇല്ല എന്ന കാരണത്താൽ ജില്ലാതല നിയമനം നടത്തുന്ന ലാബ് അസിസ്റ്റന്റ് തസ്തിക ഒഴിവുകൾ, ആശ്രിത നിയമന അപേക്ഷകൾ പരിഗണിക്കുന്നതിനായി സംസ്ഥാനാടിസ്ഥാനത്തിൽ പരിഗണിക്കുവാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ